(ബി) ഫണ്ടിലേക്ക് അംശദായം ലഭിക്കേണ്ട ഏതെല്ലാം വിഭാഗത്തിൽ നിന്ന് എന്ത് തുക വീതം പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തുക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 22,67,25,000 രൂപ.

(ബി)

		രൂപ
1.	മത്സ്യത്തൊഴിലാളികൾ	1,69,43,600
2.	വഞ്ചി, വള്ളം, ബോട്ടുടമകൾ	1,45,62,900
3.	വ്യാപാരികൾ	19,50,51,400
4.	ചെമ്മീൻകെട്ട്/ഫിഷ് ഫാം ഉടമകൾ	1,67,100
	ആകെ	22,67,25,000

(സി) കക്ഷികളെ നേരിൽ ബന്ധപ്പെട്ടും കളക്ഷൻ ക്യാമ്പുകൾ നടത്തിയും റവന്യൂ റിക്കവറി നടപടികൾ മുഖേനയും തുക പിരിച്ചെടുക്കുന്നു.

മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി

25 (1932) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിപ്രകാരം സഹായം സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ പ്രമാണങ്ങളും കൈവശരേഖകളും ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ സൂക്ഷിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രമാണങ്ങളും കൈവശരേഖകളും ഡിപ്പാർട്ടുമെന്റിൽ സൂക്ഷിക്കുന്നതു കാരണം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രമാണങ്ങൾ എത്രകൊല്ലം കഴിഞ്ഞ് മടക്കികൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ;

(ഡി) മറ്റൊരു ഭവനനിർമ്മാണ സഹായ പദ്ധതിയിലും ഇല്ലാത്ത ഈ രീതി ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) വീടിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അന്വേഷണം നടത്തി മടക്കിക്കൊടുക്കുന്നതാണ്.

(ഡി) 100% ഗ്രാന്റായി നൽകുന്ന ഭവന നിർമ്മാണ ധനസഹായം, ഭവന നിർമ്മാണത്തിന് തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുകൊണ്ട് ഇപ്പോൾ തുടരുന്ന സമ്പ്രാദയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി

26 (1933) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം മത്സ്യ തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര പേർക്കാണ് വീട് നിർമ്മിക്കാൻ ധനസഹായം അനുവദിച്ചട്ടുള്ള തെന്ന് അറിയിക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര വീട് പൂർത്തിയായെന്നും, ബാക്കി വരുന്ന വീടുകൾ എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) 273 പേർക്ക്.

(ബി) ഇതുവരെ ഒരു വീടിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണ പ്രവർത്തനം 1999-2000 സാമ്പത്തിക വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ

27 (1934) ശ്രീ. എം. മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾ ഉണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി പിരിച്ചു വിട്ടിട്ടുണ്ട് ;

(സി) മറ്റു കാരണങ്ങൾകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാത്ത മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾ എത്രയുണ്ട് ;

(ഡി) ഇവയുടെ ഭരണസമതിയിലേക്കുള്ള തെരഞ്ഞെടുപ്പ് എപ്പോൾ നടത്താൻ കഴിയുമെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly